# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *412 — 04.02.2014-ൽ മറുപടിയ്ക്ക്

## ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി.എഫ്.തോമസ്**<br>**,, റ്റി.യു.കുരുവിള** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് കാസർഗോഡ് ജില്ലയിലെ നാന്ദാരപടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നീളുന്ന ഒരു ഹിൽ ഹൈവേയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് & റിസർച്ച് സെന്റർ (നാറ്റ്പാക്) നടത്തിയ പ്രാഥമിക പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇതിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ച് സംസ്ഥാനത്തെ 13 ജില്ലകളിലൂടെ കടന്നുപോകുന്നതും, നിലവിലുള്ള റോഡുകളെ പരമാവധി ബന്ധിപ്പിച്ചിട്ടുള്ളതും 1160 കി.മീറ്റർ നീളം വരുന്നതുമായ ഒരു ഹൈവേയാണിത്. സർക്കാർ ഉത്തരവ് (കൈ) നം.44/2009/പൊ.മ.വ തീയതി 06.07.2009 പ്രകാരം ഇതിന്റെ അലൈൻമെന്റ് അന്തിമമായി അംഗീകരിച്ചിട്ടുണ്ട്. അലൈൻമെന്റിന്റെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിൽ 48 കി.മീറ്റർ ദൂരം നിലവിലുള്ള നാഷണൽ ഹൈവേയാണ്. 875 കി.മീ നീളം നിലവിലുള്ള സംസ്ഥാന പാതയോ, മേജർ ജില്ലാ റോഡുകളോ ആണ്. കൂടാതെ, വയനാട് ജില്ലയേയും, മലപ്പുറം ജില്ലയേയും തമ്മിൽ ബന്ധിപ്പിക്കുന്ന അരുണപ്പുഴ മുതൽ തമ്പുരാട്ടിക്കല്ല് വരെയുള്ള ഏകദേശം 10 കി.മീ ദൂരം വനഭൂമിയാണ്. ഇതിന്റെ വിശദമായ അലൈൻമെന്റ് തയ്യാറാക്കിയിട്ടില്ല. ശേഷിക്കുന്ന നീളം നിലവിൽ മൺറോഡുകളോ വില്ലേജ് റോഡുകളോ ആണ്. |
| | | മേൽപ്പറഞ്ഞ അലൈൻമെന്റിൽ കണ്ണൂർ, എറണാകുളം, വയനാട് ജില്ലകളിലെ ചില ഭാഗങ്ങൾ നിലവിലുള്ള റോഡ്, ബിഎം&ബിസി |

താഴെ പറയുന്നു.

1. കണ്ണൂർ ജില്ലയിലെ 115.5 കി.മീ ദൈർഘ്യമുള്ള റോഡുകളിൽ 24 കി.മീ പൂർത്തീകരിച്ചു.

2. എറണാകുളം ജില്ലയിൽ ചേറങ്ങനാൽ മുതൽ ചേലാട് വരെ 10.50 കി.മീ ദൂരവും, നമ്പൂതിരിക്കൂപ്പ് മുതൽ നേര്യമംഗലം വരെയുള്ള 10.30 കി.മീ

3. വയനാട് ജില്ലയിലെ മാനന്തവാടി-കൽപ്പറ്റ റോഡ് 14 കി.മീ

താഴെപ്പറയുന്ന ഭാഗങ്ങളിൽ പണി പുരോഗമിക്കുന്നു.

1. കണ്ണൂർ ജില്ലയിൽ 43.40 കി.മീ.നീളം

2. മൂവാറ്റുപുഴ ഡിവിഷന്റെ കീഴിൽ 12 കി.മീ

14.06.2013-ലെ സർക്കാർ ഉത്തരവ് (കൈ) നം.51/2013/പൊ.മ.വ പ്രകാരം ഹിൽ ഹൈവേ പദ്ധതി "സ്പീഡ് കേരളാ" പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ വരുന്ന 220 കി.മീ റോഡുകൾ ഒന്നാം ഘട്ടമായി NATPAC -ന്റെ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| (ബി) ഹിൽ ഹൈവേയുൾപ്പെടെ പുതിയ റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) ഹിൽ ഹൈവേ ഉൾപ്പെടെ പുതുതായി ഏറ്റെടുത്ത് നടത്തുന്ന എല്ലാ പ്രധാന റോഡുകളും ബിഎം&ബിസി സാങ്കേതിക വിദ്യയിൽ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ജനവാസമേഖലകളെ കൂടുതലായി ബുദ്ധിമുട്ടിക്കാതെ പുതിയ ആധുനിക പാതകൾ സംസ്ഥാനത്ത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) കഴിവതും ജനവാസമേഖലകളെ ബാധിക്കാത്ത രീതിയിലുള്ള അലൈൻമെന്റാണ് പുതിയ പാതകൾക്ക് വേണ്ടി തയ്യാറാക്കുന്നത്. |